Mr. K. T. Mathew.—May I know which are the sites ordered to be aquired?

Rama Varmha Tampuran.—I have not got Survey numbers.

Bhajanamadom in Mulavukad.

324. മിസ്റ്റർ കെ. പി. വള്ളോൻ.—(a) മുളവുകാട്ട് ഭജനമഠം പറമ്പിൽ നിന്നും കിട്ടീട്ടുള്ള അനുഭവം കൊണ്ടാണ് വിളക്കു തെളിക്കുക, ശാന്തിക്കാരനു കൊടുക്കുന്നതെന്നും ഉള്ള അറിവു് ആരിൽ നിന്നു ലഭിച്ചു;

(b) ഈ അംശങ്ങൾ മാത്രമെ ഓഹരി പിരിച്ചിട്ടുള്ളുവെന്നും അവരുടെ വകയാണ് ക്ഷേത്രമെന്നും പറഞ്ഞിട്ടുള്ളതു വാസ്തവമൊ അല്ലയൊ എന്നു ഗവമ്മെണ്ടു അന്വേഷിക്കുകയുണ്ടായൊ;

(c) ഈ വിഷയത്തെ ആക്ഷേപിച്ചുംകൊണ്ടു അയച്ചിരുന്ന ഹരജിയെ സംബന്ധിച്ചു് ഡി. എസ്സ്. പി. യും സംരക്ഷകനും വെവ്വേറെ അന്വേഷണം നടത്തിയതിൽ ഹരജിക്കാരിൽ നിന്നും കിട്ടിയ സ്റ്റേറ്റുമെണ്ടിന്റെ ഒരു കോപ്പി ഈ മേശപ്പുറത്തു വെക്കുമൊ;

(d) മിസ്റ്റർ പി. സി. ചാണ്ടിനെ ടി സ്ഥലം ഏല്പിച്ചതാരാണ്; അന്നത്തെ കരാറിന്റെ ഒരു കോപ്പി ഈ മേശപ്പുറത്തു വെക്കുമൊ?

രാമവമ്മതമ്പുരാൻ.—(a) എം. എൽ. സി. ആയിരുന്ന മിസ്റ്റർ പി. സി. ചാണ്ടിനിൽ നിന്നു.

(b) ഉവ്വ്.

(c) ഹരജിക്കാരിൽ നിന്നും സ്റ്റേറ്റുമെണ്ടു് വാങ്ങിയിട്ടില്ല.

(d) അന്നത്തെ അധികൃതസംരക്ഷകൻ—അന്നു കരാറും ഒന്നും എഴുതി വാങ്ങിയിട്ടില്ല.

324. മിസ്റ്റർ കെ. പി. വള്ളോൻ.—ഈ അറിവു് വാസ്തവമല്ലെന്നു് കാണിച്ചുകൊണ്ടു സ്ഥലത്തെ സമുദായാംഗങ്ങൾ ഗവമ്മെൻറിലേക്കു് വല്ല ഹർജിയും അയച്ചിട്ടുണ്ടൊ?

രാമവമ്മതമ്പുരാൻ.—നോട്ടീസുവേണം. എനിക്കു് ഓർമ്മയില്ല.

മിസ്റ്റർ കെ. പി. വള്ളോൻ.—ഈ ചോദ്യം കിട്ടിയതിൽപിന്നെ അതിനെപ്പറ്റി അന്വേഷിക്കുകയുണ്ടായോ?

രാമവമ്മതമ്പുരാൻ.—അന്വേഷിക്കേണ്ടകാര്യമൊന്നുമില്ല

മിസ്റ്റർ പി. കുമാരനെഴുത്തച്ഛൻ.—സി. എന്ന സബ്ഡിവിഷനിൽ, ഈവിഷയത്തെ ആക്ഷേപിച്ചുംകൊണ്ടു് അയച്ചിരുന്ന ഹരജിയെ സംബന്ധിച്ചു ഡി. എസ്സ്. പി. യും സംരക്ഷകനും വെവ്വേറെ അന്വേഷണം നടത്തിയതിൽ ഹരജിക്കാരിൽനിന്നും കിട്ടിയസ്റ്റേയിറ്റുമെണ്ടിന്റെ ഒരു കോപ്പി ഈ മേശപ്പുറത്തുവെക്കുമോ? അതിനു് പറഞ്ഞിരിക്കുന്ന മറുപടി, ഹരജിക്കാരിൽനിന്നും സ്റ്റേ

LIBRARY ARCHIVES Kerala Legislative Assembly

റവുമെണ്ടുവാങ്ങിയിട്ടില്ല എന്നാണ്. ഇവർ രണ്ടുപേരും ഇതിനെപ്പറ്റി അന്വേഷിച്ചിട്ടുണ്ടോ?

രാമവമ്മതമ്പുരാൻ.—ഉവ്വ്.

മിസ്റ്റർ പി. കുമാരനെഴുത്തച്ഛൻ.—എന്തന്വേഷണമാണ് നടത്തിയതു്?

രാമവമ്മതമ്പുരാൻ.—ഒരു കക്ഷിക്കാർ കടക്കാൻ പാടില്ലെന്നും ഒരുകക്ഷിക്കാർ കടക്കുമെന്നും പറഞ്ഞു. അവർതമ്മിൽ വഴക്കുണ്ടായി. അതിനെക്കുറിച്ചു് ആസ്ഥലത്തുചെന്നന്വേഷിച്ചു് ഡി. എസ്സ്. പി. ഒരു റിപ്പോർട്ടയച്ചു. പ്രൊട്ടക്ടരും വേറൊരു റിപ്പോർട്ടയച്ചു.

മിസ്റ്റർ പി. കുമാരനെഴുത്തച്ഛൻ.—ഈ എ. ബി. സി. എന്ന വകുപ്പുകളിൽ പറയുന്ന സംഗതികളെ സംബന്ധിച്ചു പൊതുവായി വല്ല അന്വേഷണവും നടത്തിയിട്ടുണ്ടോ?

രാമവമ്മതമ്പുരാൻ.—ഉണ്ടു.

മിസ്റ്റർ എ. ഇയ്യച്ചരമേനോൻ.—ഈ ക്ഷേത്രപ്രവേശനത്തെപ്പറ്റി ശവമ്മെണ്ടു എന്തുതീർപ്പുകല്പിയിരിക്കുന്നു?

രാമവമ്മതമ്പുരാൻ.—അതിനെപ്പറ്റിയല്ല വഴക്കു്.

മിസ്റ്റർ കെ. പി. വള്ളോൻ.—ഇതിനെപ്പറ്റി രണ്ടുഭാഗക്കാരോടും അന്വേഷിച്ചോ?

രാമവമ്മതമ്പുരാൻ.—അന്വേഷിച്ചു.

മിസ്റ്റർ കെ. പി. വള്ളോൻ.—അന്നത്തെ അധികൃതസംരക്ഷകൻ അന്നു് കരാറൊന്നും എഴുതിവാങ്ങിയിട്ടില്ല എന്നുപറയുന്നു. അദ്ദേഹം മിസ്റ്റർ ചാഞ്ചനെന്നെയാണു് ഏല്പിച്ചതെന്നുള്ളതിനു ലക്ഷ്യമുണ്ടോ?

രാമവമ്മതമ്പുരാൻ.—നോട്ടീസുവേണം.

മിസ്റ്റർ കെ. പി. വള്ളോൻ.—എന്റെ അറിവു അദ്ദേഹം അന്നു് മിസ്റ്റർ ചാഞ്ചനെ ഏല്പിച്ചിരുന്നതു് സമുദായക്കാരുടെരക്ഷയ്ക്കുവേണ്ടിയാണു് എന്നാണ്.

മിസ്റ്റർ പാഠം മാമ്പിള്ളി.—ആരായിരുന്നു അന്നത്തെ സംരക്ഷകൻ?

രാമവമ്മതമ്പുരാൻ.—I want notice.

Appointment of an organiser for Depressed Classes.

325. മിസ്റ്റർ കെ. പി. വള്ളോൻ.—(a) മുള്ളന്തുരുത്തി മുതലായ സ്ഥലങ്ങളിൽ ഒരു ഓർഗനൈസറായൊ മറെറാ ആരെയെങ്കിലും നിയമിച്ചിട്ടുണ്ടോ;

(b) ഉണ്ടെങ്കിൽ അദ്ദേഹം എന്തു ഓർഗനൈസിങ്ങ് ആണു് ചെയ്തുവരുന്നതു്;

(c) അദ്ദേഹം ഏതു സമുദായത്തിൽ പെട്ട ആളാണു്?

രാമവമ്മതമ്പുരാൻ.—(a) മുള്ളന്തുരുത്തി മുതലായ സ്ഥലങ്ങളിൽ ഓർഗനൈസറായി ഇപ്പോൾ ആരേയും നിയമിച്ചിട്ടില്ല.

LIBRARY ARCHIVES Kerala Legislative Assembly